# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.12.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമു കർണാടകയിലെ കാർവാർ നാവിക താവളത്തിൽ അന്തർവാഹിനി യാത്ര നടത്തി

   President Droupadi Murmu embarks on submarine sortie at Karwar naval base in Karnataka.

2. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്ത്.

   Vice President C. P. Radhakrishnan will be in Thiruvananthapuram tomorrow for a two-day visit.

3. ഇന്ത്യയെ വലിയ പ്രതീക്ഷയോടെയാണ് ലോകം ഉറ്റുനോക്കുന്നതെന്നും, യുവശക്തിയാണ് ഇതിനു പ്രധാന കാരണമെന്നും മൻ കീ ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി

   Prime Minister Narendra Modi, in his Mann Ki Baat program, says the world looks at India with great hope; highlights youth power as the driving force behind this transformation.

4. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ ഒഡിഷയിൽ ബിഎൽഒമാരുമായി സംവദിക്കും; കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികൾ ജനുവരി 22 വരെ സമർപ്പിക്കാം.

   Chief Election Commissioner Gyanesh Kumar to hold meeting with BLOs in Bhubaneswar; In Kerala, claims and objections regarding the draft electoral roll can be submitted until the 22nd of January.

5. എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

   Kerala Chief Minister Pinarayi Vijayan inaugurates the 84th Indian History Congress at Government Brennen College in Thalassery.

6. വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ടോസ് നേടിയ ശ്രീലങ്ക, ഇന്ത്യയെ ബാറ്റിങ്ങിനയച്ചു

   In Women's Cricket, Sri Lanka win the toss and elect to bowl first against India in the fourth T20 International at Thiruvananthapuram.

********************

## PREZ-KARNATAKA

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് കർണാടകയിലെ കാർവാർ നാവിക താവളത്തിൽ അന്തർവാഹിനിയാത്ര നടത്തി. ഗോവ, കർണാടക, ഝാർഖണ്ഡ് സംസ്ഥാനങ്ങളിൽ നാലുദിവസത്തെ സന്ദർശനത്തിലാണ് രാഷ്ട്രപതി. അന്തർവാഹിനിയായ INS വാഗ്ഷീറിൽ നടത്തിയ യാത്രയിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ. ത്രിപാഠിയും രാഷ്ട്രപതിയെ അനുഗമിച്ചു.

********************

## VICE PRESIDENT -TVM

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണന്റെ രണ്ടുദിവസത്തെ പുതുച്ചേരി, കേരള, തമിഴ്നാട് സന്ദർശനത്തിനു നാളെ തുടക്കം. പുതുച്ചേരിയിൽ രാവിലെ വിവിധ പരിപാടികളിൽ പങ്കെടുത്തശേഷം നാളെ വൈകിട്ട് ആറരയോടെ ഉപരാഷ്ട്രപതി തിരുവനന്തപുരത്ത് എത്തും. പാളയം എൽഎംഎസിൽ നടക്കുന്ന ട്രിവാൻഡ്രം ഫെസ്റ്റിൽ അദ്ദേഹം മുഖ്യാതിഥിയാകും. മറ്റന്നാൾ വർക്കലയിൽ 93-ാമത് ശിവഗിരി സമ്മേളനം ഉദ്ഘാടനം ചെയ്യും. നാലാഞ്ചിറ മാർ ഇവാനിയോസ് കോളേജിൻറെ പ്ലാറ്റിനം ജൂബിലി സമാപന ചടങ്ങിലും ഉപരാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് അദ്ദേഹം തമിഴ് നാട്ടിലേക്കു തിരിക്കും.

********************

## MANN KI BAAT- 1

ദേശീയ സുരക്ഷ മുതൽ കായികരംഗം വരെയും, ശാസ്ത്ര ലാബുകൾ മുതൽ ആഗോള വേദികൾ വരെയും വിവിധ മേഖലകളിൽ, ഇന്ത്യ കരുത്തുറ്റ മുദ്ര പതിപ്പിച്ചുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓരോ ഇന്ത്യക്കാരനും

അഭിമാനിക്കാൻ 2025, നിരവധി നിമിഷങ്ങൾ നൽകിയെന്ന് പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. 'ഓപ്പറേഷൻ സിന്ദൂർ' അഭിമാനത്തിന്റെ പ്രതീകമായി മാറി. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തിൽ പ്രകടിപ്പിച്ച ആവേശത്തിൽ പ്രധാനമന്ത്രി ജനങ്ങളെ അനുമോദിച്ചു. ഇന്ത്യയെ വലിയ പ്രതീക്ഷയോടെയാണ് ലോകം ഇന്ന് നോക്കുന്നതെന്നും, യുവശക്തിയാണ് ഇതിന് പ്രധാന കാരണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

********************

## MANN KI BAAT- 2 (INTRO)

പുതിയ തലമുറ പുത്തൻ രീതികളിലൂടെ ഭാരതീയ സംസ്കാരത്തിന്റെ വേരുകൾ മുറുകെ പിടിക്കുന്നതിൽ പ്രധാനമന്ത്രി ആഹ്ളാദം രേഖപ്പെടുത്തി. ലോകത്തിന്റെ വിവിധ കോണുകളിൽ താമസിക്കുന്ന ഇന്ത്യക്കാരും ഇക്കാര്യത്തിൽ പങ്ക് വഹിക്കുന്നു. സ്വാതന്ത്ര്യസമരത്തിൽ നിർണ്ണായക പങ്കുവഹിക്കുകയും, എന്നാൽ വേണ്ടത്ര അംഗീകരിക്കപ്പെടാത്തതുമായ മഹാന്മാരെക്കുറിച്ച് അറിയാൻ സർക്കാർ വെബ്സൈറ്റ് സജ്ജമാക്കിയിട്ടുണ്ട്. അത് സന്ദർശിക്കാൻ പ്രധാനമന്ത്രി ആവശ്യപ്പെട്ടു. വിവേചനരഹിതമായി ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കരുതെന്നും, ഡോക്ടറുടെ ഉപദേശപ്രകാരം മാത്രമേ ഇത് ചെയ്യാവൂ എന്നും ശ്രീ. മോദി അഭ്യർത്ഥിച്ചു.

(ഹോൾഡ് വോയ്സ്)

********************

## MANN KI BAAT- 3 (INTRO)

'പിഎം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന' പ്രകാരം, സൗരോർജപാനലുകൾ സ്ഥാപിക്കാൻ കുടുംബങ്ങൾക്ക് 80,000 രൂപ വരെ സർക്കാർ നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. കാശി തമിഴ് സംഗമത്തിന്റെ നാലാം പതിപ്പ് ഏതാനും ദിവസങ്ങൾക്ക് മുൻപ് വാരാണസിയിൽ നടന്നതും അദ്ദേഹം പരാമർശിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ സംഗീത ക്ലാസ്, ഹിന്ദുസ്ഥാനി-നാടോടി സംഗീത പാരമ്പര്യങ്ങൾ, ക്ലാസിക്കൽ കലാശൈലികൾ എന്നിവയുടെ സംഗമസ്ഥാനം ആയി മാറിയത് ഉൾപ്പെടെ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി ഉദാഹരണങ്ങൾ പ്രധാനമന്ത്രി മൻ കി ബാത്തിൽ പങ്കുവച്ചു. പ്രധാനമന്ത്രിയുടെ പരാമർശത്തിൽ ഗീതാഞ്ജലി സംഗീത ക്ലാസ് സ്ഥാപക ശ്രീമതി ഗീത അനന്ത് സന്തോഷം പ്രകടിപ്പിച്ചു.

(വോയ്സ്)

********************

## PM-Chief Secretary

ന്യൂഡൽഹിയിൽ നടക്കുന്ന ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും അധ്യക്ഷത വഹിച്ചു. ഘടനാപരവും സുസ്ഥിരവുമായ സംഭാഷണങ്ങളിലൂടെ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് സമ്മേളനത്തിൻറെ ലക്ഷ്യം.

********************

## CEC – BHUBANESWAR

തെരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ ഒഡിഷയിലെ ഭുവനേശ്വറിൽ ബൂത്ത് ലെവൽ ഓഫീസർമാരുമായി സംവദിക്കും. 800 ബിഎൽഒമാർ യോഗത്തിൽ പങ്കെടുക്കും. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ മൂന്നാംഘട്ടത്തിനു മുന്നോടിയായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറുടെ മൂന്ന് ദിവസത്തെ സന്ദർശനം ഇന്നലെ ആരംഭിച്ചിരുന്നു.

********************

## SIR

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

********************

## JITENDRA – SHANTI BILL

ശാസ്ത്രമേഖലയിൽ നരേന്ദ്ര മോദി സർക്കാരിന്റെ ഏറ്റവും വലിയ പരിഷ്കരണങ്ങളിൽ ഒന്നാണ് ആണവോർജരംഗം സംബന്ധിച്ച ശാന്തി ബില്ലെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. ധീരവും ഘടനാപരവുമായ പരിഷ്കാരങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നതെന്നും ശ്രീ ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ പറഞ്ഞു.

********************

## YEAR ENDER – EASE OF DOING BUSINESS

ബ്രിട്ടൻ, ഒമാൻ, ന്യൂസിലാൻഡ് എന്നിവയുമായി മൂന്ന് പ്രധാന സ്വതന്ത്ര വ്യാപാര കരാറുകൾ ഒപ്പുവച്ച്, ഇന്ത്യ ആഗോള വിപണികളിൽ ചുവടുറപ്പിച്ച വർഷമായിരുന്നു 2025. രാജ്യത്തിന്റെ വ്യവസായ മേഖലയ്ക്ക് പുതിയ ദിശ നൽകിയ വർഷമായി 2025 മാറിയെന്നാണ് വിലയിരുത്തൽ.

********************

## Indian Congress

എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

********************

## NIRMALA SITHARAMAN

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ആന്ധ്രാപ്രദേശിലെ നരസാപുരം സന്ദർശിച്ചു. ഇവിടെ ഒരു ഗ്രാമത്തിൽ സജ്ജമാക്കിയ നിർമിതബുദ്ധി പരിശീലനകേന്ദ്രം കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു.

********************

## SHAH – GUJARAT (INTRO)

ആയുഷ്മാൻ ഭാരത് പദ്ധതി രാജ്യത്ത് വലിയ മാറ്റം കൊണ്ടു വന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. അഹമ്മദാബാദിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംഘടിപ്പിച്ച നെറ്റ്കോൺ 2025-നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ് വോയ്സ്)**

അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷന്റെ വിവിധ വികസന പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

********************

## PACHALOOR AWARD

പാച്ചല്ലൂർ സുകുമാരൻ സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ സമഗ്ര സംഭാവനയ്ക്കുള്ള ഇക്കൊല്ലത്തെ പുരസ്കാരം കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയ്ക്ക് സമ്മാനിക്കും. 25,000 രൂപയും ശില്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

********************

## TRAINS DELAYED

കനത്ത മൂടൽമഞ്ഞിനെത്തുടർന്ന് ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളിൽ റെയിൽ - വ്യോമ ഗതാഗതം തടസ്സപ്പെട്ടു. നിരവധി ട്രെയിനുകൾ വൈകി ഓടുന്നു. വിവിധ വിമാനകമ്പനികളും യാത്രാ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

********************

## AVIATION CONTROL ROOM

യാത്രക്കാരുടെ പരാതികൾ പരിഹരിക്കാൻ വ്യോമയാന മന്ത്രാലയം ന്യൂഡൽഹിയിൽ പാസഞ്ചർ അസിസ്റ്റൻസ് കൺട്രോൾ റൂം - PACR പ്രവർത്തനക്ഷമമാക്കി. വിമാന യാത്രക്കാർക്ക് പിന്തുണ നൽകുന്നതിനായുള്ള, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഏകോപിത

പരാതി പരിഹാര സംവിധാനമാണ് PACR എന്നും മന്ത്രാലയം കൂട്ടിച്ചേർത്തു.

********************

## IND-SRI LANKA T20

വനിതാ ടി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ടോസ് നേടിയ ശ്രീലങ്ക, ഇന്ത്യയെ ബാറ്റിങ്ങിനയച്ചു. തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം. ഒടുവിൽ വിവരം കിട്ടുമ്പോൾ ഇന്ത്യ 8-ാാം ഓവറിൽ വിക്കറ്റ് നഷ്ടമില്ലാതെ 68 റൺസ് എന്ന നിലയിലാണ്.

********************

## W35 TENNIS TOURNAMENT

മഹാരാഷ്ട്രയിൽ നടന്ന W35 സോളാപൂർ ടെന്നീസ് ടൂർണമെന്റിൽ ഇന്ത്യൻ താരം വൈദേഹി ചൗധരി വനിതാ സിംഗിൾസ് കിരീടം നേടി. 25 കാരിയായ വൈദേഹി, ഫൈനലിൽ ജപ്പാന്റെ മിഷിക ഒസെക്കിയെയാണ് പരാജയപ്പെടുത്തിയത്.

********************

## BADMINTON - NATIONAL CHAMPIONSHIPS

87-ാമത് ദേശീയ സീനിയർ ബാഡ്മിന്റൺ പുരുഷ സിംഗിൾസ് കിരീടം ഋത്വിക് സഞ്ജീവിഷ്ക്. വിജയവാഡയിൽ നടന്ന ഫൈനലിൽ ഭരത് രാഘവിനെ പരാജയപ്പെടുത്തി. പുരുഷ ഡബിൾസിൽ എ. ഹരിഹരൻ-റൂബൻ കുമാർ സഖ്യം ചാമ്പ്യന്മാരായി. വനിതാ ഡബിൾസ് ഫൈനലിൽ ശിഖ ഗൗതം-അശ്വിനി ഭട്ട് സഖ്യത്തിനാണ് കിരീടം.

********************

## TRUMP-ZELENSKY TALKS

യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി ഇന്ന് ഫ്ലോറിഡയിൽ കൂടിക്കാഴ്ച നടത്തും. റഷ്യ-യുക്രെയ്ൻ സംഘർഷം ലഘൂകരിക്കാൻ ശ്രമങ്ങൾ തുടരുന്ന സാഹചര്യത്തിലാണ് കൂടിക്കാഴ്ച.

********************

## RUSSIA- UKRAINE PEACE

റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കാൻ യുക്രൈന് താൽപ്പര്യമില്ലെങ്കിൽ മോസ്കോ അതിന്റെ എല്ലാ ലക്ഷ്യങ്ങളും ബലപ്രയോഗത്തിലൂടെ നേടിയെടുക്കുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളോഡിമിർ പുടിൻ പറഞ്ഞു. ഇന്നലെ ചീഫ് ഓഫ് ജനറൽ സ്റ്റാഫുമായും വിവിധ യുദ്ധ വിഭാഗങ്ങളുടെ കമാൻഡർമാരുമായുള്ള കൂടിക്കാഴ്ച്ചയ്ക്കിടെയാണ് പ്രസിഡന്റ് പുടിന്റെ പരാമർശം.

********************

# BRAZIL ARRES

ബ്രസീലിൽ 2022-ലെ തിരഞ്ഞെടുപ്പ് പരാജയത്തിന് ശേഷവും മുൻ പ്രസിഡന്റ് ജെയർ ബോൾസോനാരോയെ അധികാരത്തിൽ നിലനിർത്താൻ ഗൂഢാലോചന ചെയ്ത പത്ത് പേരെ വീട്ടുതടങ്കലിൽ വയ്ക്കാൻ ബ്രസീൽ സുപ്രീം കോടതി ഉത്തരവിട്ടു. ബോൾസോനാരോയുടെ മുൻ ഉപദേഷ്ടാവും ഇതിൽപ്പെടുന്നു. എൽ സാൽവഡോറിലേക്ക് പലായനം ചെയ്യാൻ ശ്രമിച്ച മുൻ പോലീസ് മേധാവി പരാഗ്വേയിൽ അറസ്റ്റിലായതിനെ തുടർന്നാണ് നടപടി.

********************

****************

*****